# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5646 18/11/2019-ൽ മറുപടിക്ക്

### കോതമംഗലം താലൂക്കിലെ ക്യാൻസർ രോഗികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** | |
| എ) | കോതമംഗലം താലൂക്കിലെ ക്യാൻസർ രോഗബാധിതരുടെ കണക്ക് ആരോഗ്യ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | എ) | കോതമംഗലം താലൂക്കിലെ ക്യാൻസർ രോഗബാധിതരുടെ കണക്ക് ലഭ്യമല്ല. |
| ബി) | കോതമംഗലം താലൂക്കിൽ ക്യാൻസർ രോഗം വ്യാപകമായിക്കൊണ്ടിരിക്കുന്നത് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | എറണാകുളം ജില്ലയിൽ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് കോതമംഗലത്തോ മറ്റേതെങ്കിലും സ്ഥലത്തോ പ്രത്യേകമായി കാൻസർ രോഗം പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ക്യാൻസർ രോഗം വ്യാപകമാകുന്നതിന്റെ കാരണം സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദഗ്ധപഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) | കേരളത്തിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള കാൻസർ ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ കാൻസർ രോഗം വ്യാപകമാകുന്നതിന്റെ കാരണം സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദഗ്ധ പഠനം നടത്തിയിട്ടില്ല. |
| ഡി) | പ്രസ്തുത വിഷയത്തിൽ വിദഗ്ധ ആരോഗ്യ സംഘത്തെ നിയോഗിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) | എറണാകുളം ജില്ലയിൽ സമഗ്ര കാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ജില്ലയൊട്ടാകെ കൊച്ചിൻ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ കാൻസർ വരാതിരിക്കുന്നതിനായി ജീവിത ശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളും പ്രാരംഭത്തിലെ കാൻസർ കണ്ടുപിടിക്കുന്നതിനായി ചെയ്യേണ്ട കാര്യങ്ങളും ഉൾക്കൊള്ളിച്ചുള്ള ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത് നടന്നു വരികയാണ്. കൂടാതെ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികളും കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ